യുടെ അടങ്കൽത്തുക 448 കോടി രൂപയാണ്. ഈ പദ്ധതിയുടെ വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു.

47 (443) കുടിവെള്ളവിതരണ പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ 29 ഓളം ഗ്രാമങ്ങൾക്ക് ശുദ്ധജല വിതരണം ചെയ്യാനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "ചീമേനി ആന്റ് അഡ്ജോയിനിംഗ് വില്ലേജ്സ്" കുടിവെള്ളവിതരണ പദ്ധതിയുടെ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

പ്രസ്തുത പദ്ധതി ഫ്രഞ്ചു സഹായത്തോടെ നടപ്പാക്കാൻ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് പ്ലാനിംഗ് കമ്മിഷന്റെയും, സി.പി.എച്ച്.ഇ.ഇ.ഒ.യുടെയും മാർഗ്ഗരേഖകൾ അനുസരിച്ച് പുതുക്കി വീണ്ടും സമർപ്പിക്കുവാൻ. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച്, പദ്ധതി വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

48 (444) ആക്സിലറേറ്റഡ് ഇറിഗേഷൻ സ്കീം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ സ്കീം ഏത് വർഷം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കീമിൽ മുൻവർഷങ്ങളിൽ എത്ര രൂപ വീതം ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മുൻവർഷങ്ങളിൽ ഓരോ പദ്ധതിയിലും എത്ര രൂപ വീതം ചെലവാക്കി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്കീം നടപ്പിലാക്കാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്;

(ഇ) ഈ സ്കീമിൽ മുൻവർഷങ്ങളിൽ ഇൻഡ്യയിൽ ആകമാനം കേന്ദ്രസർക്കാർ എത്ര കോടി രൂപ നീക്കിവച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ വർഷം ഇൻഡ്യയിലാകമാനം എത്ര രൂപ ഈ സ്കീമിൽ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കല്ലട ജലസേചനപദ്ധതിക്ക് 1996-97 മുതലാണ് ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ്സ് പ്രോഗ്രാം പ്രകാരം സഹായം ലഭിച്ചുതുടങ്ങിയത്. മൂവാറ്റുപുഴ നദീതടപദ്ധതിക്ക് 1998-99 മുതൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി)&(സി) വിശദവിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ പേര്	ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക (രൂപ കോടി)			എ.ഐ.ജി.പി. പ്രകാരം ചെലവഴിച്ച തുക		
	96-97	97-98	98-99	96-97	97-98	98-99
കല്ലട ജലസേചന പദ്ധതി	33.30	26.78	21.00	10447	13.75	2.192
മൂവാറ്റുപുഴ നദീതട പദ്ധതി	-	-	44.54	-	-	18.22

(ഡി) ഗൈഡ് ലൈൻസ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ)&(എഫ്) ഇക്കാര്യത്തിൽ ഇവിടെ വിവരം ലഭ്യമല്ല.

49 (445) അരുവിക്കര പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

<u>ശ്രീ. പാലോട് രവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അരുവിക്കര പഞ്ചായത്തിൽ മൈലം, ചെറിയകൊണ്ണി, ഭഗവതിപുരം വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഉടനെ കമ്മീഷൻ ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(സി) പണി പൂർത്തിയായിട്ടില്ലെങ്കിൽ അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)&(സി) ഈ വർഷം ജൂലൈ മാസത്തിൽ പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്.

50 (446) കമ്മീഷൻ ചെയ്ത ജലസേചന പദ്ധതികൾ

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പൂർണ്ണമായും ഭാഗീകമായും കമ്മീഷൻ ചെയ്ത എത്ര ജലസേചന പദ്ധതികളുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പൂർണ്ണമായി കമ്മീഷൻ ചെയ്ത പദ്ധതികളിൽ ഓരോന്നിൽ നിന്നും എത്ര സ്ഥലത്തേയ്ക്ക് ജലസേചനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly